©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഫെബ്രുവരി 19<br>19th February 2019<br>1194 കുംഭം 7<br>7th Kumbham 1194<br>1940 മാഘം 30<br>30th Magha 1940 | നമ്പർ<br>No. 423 |


## കേരള സർക്കാർ

### വ്യവസായ (എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 6/2019/വ്യവ. *തിരുവനന്തപുരം, 2019 ഫെബ്രുവരി 14 1194 കുംഭം 2.*

**എസ്. ആർ. ഒ. നമ്പർ 134/2019.**—1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്റ്റിലെ (1957-ലെ 67-ാം കേന്ദ്ര ആക്റ്റ്), 22-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും, 2015 ജൂൺ 5-ാം തീയതിയിലെ സ. ഉ. (അച്ചടി) 77/2015/വ്യവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2015 ജൂൺ 12-ാം തീയതി യിലെ 1428-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 375/2015 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചു കൊണ്ടും, കേരള സർക്കാർ, താഴെ പട്ടികയിലെ (2)-ാം കോളത്തിൽ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/619/2019/S-25.

വ്യക്തമാക്കിയിട്ടുള്ള ഉദ്യോഗസ്ഥരെ, 3-ാം കോളത്തിൽ വ്യക്തമാക്കിയിട്ടുള്ള അധികാരിതാ പ്രദേശങ്ങളിൽ, പ്രസ്തുത ആക്റ്റിൻ കീഴിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിൻ കീഴിലോ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റകൃത്യം സംബന്ധിച്ച്, കോടതികളിൽ രേഖാമൂലം പരാതി നൽകുന്നതിനായി, ഇതിനായി അധികാരപ്പെടുത്തുന്നു, അതായത്:—

പട്ടിക

| *ക്രമ നമ്പർ* | *ഉദ്യോഗസ്ഥരുടെ ഉദ്യോഗപ്പേര്* | *അധികാരിതാ പ്രദേശം* |
|---|---|---|
| (1) | (2) | (3) |
| 1 | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ | കേരള സംസ്ഥാനത്തൊട്ടാകെ |
| 2 | സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരും | ബന്ധപ്പെട്ട ജില്ലകൾക്കുള്ളിൽ |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് പദവിയിലും അതിന് മുകളിലുമുള്ള പോലീസ് ഉദ്യോഗസ്ഥർ | ബന്ധപ്പെട്ട അധികാരിതാ പ്രദേശങ്ങൾക്കുള്ളിൽ |
| 4 | മൈനിഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ആഫീസുകളിലെ സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്/ അസിസ്റ്റന്റ് ജിയോളജിസ്റ്റ് | ബന്ധപ്പെട്ട ജില്ലയ്ക്കകത്ത് |
| 5 | കേരള മിനറൽ സ്ക്വാഡിലെ (ഉത്തരമേഖല) സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്/അസിസ്റ്റന്റ് ജിയോളജിസ്റ്റ് | കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ റവന്യൂ ജില്ലകളിൽ |
| 6 | കേരള മിനറൽ സ്ക്വാഡിലെ (മധ്യമേഖല) സീനിയർ ജിയോളജിസ്റ്റ്/ജിയോളജിസ്റ്റ്/ അസിസ്റ്റന്റ് ജിയോളജിസ്റ്റ് | തൃശ്ശൂർ, പാലക്കാട്, എറണാകുളം, ഇടുക്കി എന്നീ റവന്യൂ ജില്ലകളിൽ |

| (1) | (2) | (3) |
|---|---|---|
| 7 | കേരള മിനറൽ സ്ക്വാഡിലെ (ദക്ഷിണമേഖല) സീനിയർ ജിയോളജിസ്റ്റ്/ ജിയോളജിസ്റ്റ്/അസിസ്റ്റന്റ് ജിയോളജിസ്റ്റ് | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ റവന്യൂ ജില്ലകളിൽ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഷർമിള മേരി ജോസഫ്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്റ്റിലെ (1957-ലെ 67-ാം കേന്ദ്ര ആക്റ്റ്) 22-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ടും, 2015 ജൂൺ 5-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 77/2015/വ്യവ എന്ന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2015 ജൂൺ 12-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റ് നമ്പർ 1428-ൽ എസ്. ആർ. ഒ. നമ്പർ 375/2015 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലുമുള്ള വ്യവസ്ഥകൾ പ്രകാരം, കോടതികളിൽ പരാതികൾ സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരേയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റാങ്കിലും അതിനു മുകളിലുള്ള പദവികളിലുള്ള പോലീസ് ഉദ്യോഗസ്ഥരേയും മൈനിങ് ആന്റ് ജിയോളജി വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരെയും അധികാരപ്പെടുത്തുവാൻ കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Industries (A) Department

## NOTIFICATION

G. O. (P) No. 6/2019/ID.

*Dated, Thiruvananthapuram, 14th February, 2019*
*2nd Kumbham, 1194.*

**S. R. O. No. 134/2019.**—In exercise of the powers conferred by section 22 of the Mines and Minerals (Development and Regulation) Act, 1957 (Central Act 67 of 1957) and in supersession of the notification issued under G. O. (P) No. 77/2015/ID dated 5th June, 2015 and published as S. R. O. No. 375/2015 in the Kerala Gazette Extraordinary No. 1428 dated 12th June, 2015, the Government of Kerala hereby authorise the officers specified in column (2) of the Schedule below to prefer complaints in writing in courts in respect of any offence punishable under the said Act or any rules made thereunder in their respective areas of jurisdiction, specified against each in column (3) thereof, namely:—

SCHEDULE

| *Sl. No.* | *Designation of Officers* | *Areas of jurisdiction* |
|---|---|---|
| (1) | (2) | (3) |
| 1 | The Director/Additional Director/ Deputy Directors of the Department of Mining and Geology | Entire State of Kerala |
| 2 | All District Collectors in the State | Within the District concerned |
| 3 | Police Officers of and above the rank of Deputy Superintendent of Police | Within their respective areas of jurisdiction |
| 4 | Senior Geologists/Geologists/ Assistant Geologists of the District Offices of the Department of Mining and Geology | Within the District concerned |

| (1) | (2) | (3) |
|---|---|---|
| 5 | Senior Geologists/Geologists/ Assistant Geologists of the Kerala Minerals Squad (Northern Region) | In the Revenue Districts of Kasaragod, Kannur, Wayanad, Kozhikode and Malappuram |
| 6 | Senior Geologists/Geologists/ Assistant Geologists of the Kerala Mineral Squad (Central Region) | In the Revenue Districts of Thrissur, Palakkad, Ernakulam and Idukki |
| 7 | Senior Geologists/Geologists/ Assistant Geologists of the Kerala Mineral Squad (Southern Region) | In the Revenue Districts of Thiruvananthapuram, Kollam, Pathanamthitta, Alappuzha and Kottayam. |

By order of the Governor,

DR. SHARMILA MARY JOSEPH,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In exercise of the powers conferred by section 22 of the Mines and Minerals (Development and Regulation) Act, 1957 ( Central Act 67 of 1957), the Government of Kerala have decided to authorise the District Collectors, Police Officers of and above the rank of Deputy Superintendent of Police and various officers of the Mining and Geology Department to prefer complaints in Courts under the provisions contained in the said Act and the rules made thereunder, in supersession of the notification issued under G. O. (P) No. 77/2015/ID dated 5th June, 2015 and published as S.R.O. No. 375/2015 in the Kerala Gazette Extraordinary No. 1428 dated 12th June, 2015.

The notification is intended to achieve the above object.

---

92/619/2019/S-25.